സ.ഉ.(സാധാ) നം.7979/2022/GEDN

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ് - നിയോജക മണ്ഡല ആസ്തിവികസന പദ്ധതി (2019-2020)- കണ്ണൂർ ജില്ല- അഴീക്കോട് നിയോജക മണ്ഡലത്തിലെ പള്ളിക്കുന്ന് ഗവ ഹയർസെക്കന്ററി സ്കൂളിന് സ്കൂൾ ബസ് വാങ്ങുന്നതിന് അനുവദിച്ച തുക മാറി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കണ്ണൂർ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ(എം) വകുപ്പ്

സ.ഉ.(സാധാ) നം.7979/2022/GEDN തീയതി,തിരുവനന്തപുരം, 14-12-2022

പരാമർശം:-
1. 09/12/2016 തീയതിയിലെ സ.ഉ(പി) 178/16/ധന നമ്പർ ഉത്തരവ്
2. 05/03/2019 തീയതിയിലെ സ.ഉ(സാധാ) 1648/19/ധന നമ്പർ ഉത്തരവ്
3. കണ്ണൂർ ജില്ലാ കളക്ടറുടെ 24/02/2021 ലെ ആർ.ഡി.4/731/2020 നമ്പർ ഉത്തരവ്
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 12/10/2022 ലെ B2/13738/2022/DGE നമ്പർ കത്ത്

ഉത്തരവ്

അഴീക്കോട് നിയോജക മണ്ഡലത്തിലെ പള്ളിക്കുന്ന് ഗവ. ഹയർസെക്കന്ററി സ്കൂളിന് നിയോജകമണ്ഡലം ആസ്തി വികസന ഫണ്ടിൽ (2019-20) നിന്നും 18.565 ലക്ഷം രൂപ വിനിയോഗിച്ച് സ്കൂൾ ബസ് വാങ്ങുന്നതിന് പരാമർശം (3) പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും ആയതിന്റെ അടിസ്ഥാനത്തിൽ ടി സ്കൂളിന് ബസ് വാങ്ങി നൽകിയിട്ടുള്ളതായും SML ISUZU ലഭ്യമാക്കിയ ഇൻവോയിസ് പ്രകാരം 17,56,464 /- (പതിനേഴ് ലക്ഷത്തി അൻപത്തിആറായിരത്തി നാനൂറ്റിഅറുപത്തിനാല് രൂപ) രൂപയുടെ ബില്ലും, on road ഇനത്തിലുള്ള 65,524/- (അറുപത്തിഅയ്യായിരത്തി അഞ്ഞൂറ്റി ഇരുപത്തിനാല് രൂപ) രൂപയും ഉൾപ്പടെ 18,21,988/- (പതിനെട്ടുലക്ഷത്തി ഇരുപത്തി ഒന്നായിരത്തി തൊള്ളായിരത്തി എൺപത്തിയെട്ട് രൂപ മാത്രം) രൂപ അനുവദിക്കണമെന്നാവശ്യപ്പെട്ട് കണ്ണൂർ വിദ്യാഭ്യാസ ഉപഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ പരാമർശം (4) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിലേയ്ക്ക് ശുപാർശ ചെയ്തിരുന്നു. പരാമർശം (2) പ്രകാരം 14 ജില്ലകളിലെയും വിദ്യാഭ്യാസ ഉപഡയറക്ടർമാരെ മേൽ ശീർഷകത്തിലെ ഡ്രോയിംഗ് & ഡിസ്ബേർസിങ്ങ് ആഫീസറായി ചുമതലപ്പെടുത്തിയിട്ടുണ്ട് .

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ അഴീക്കോട് നിയോജക മണ്ഡലത്തിലെ പള്ളിക്കുന്ന് ഗവ. ഹയർസെക്കന്ററി സ്കൂളിന് സ്കൂൾ ബസ് വാങ്ങുന്നതിനാവശ്യമായ 18,21,988/- (പതിനെട്ടുലക്ഷത്തി ഇരുപത്തി ഒന്നായിരത്തി തൊള്ളായിരത്തി എൺപത്തിയെട്ട് രൂപ മാത്രം) രൂപ നടപ്പുസാമ്പത്തിക വർഷം "4202-01-800-84-Projects under LAC ADS – other Projects (NP)" എന്ന ശീർഷകത്തിൽ വകയിരുത്തിയ തുകയിൽ നിന്നും അനുവദിച്ചുകൊണ്ടും പരാമർശം (1) ഉത്തരവിലെ

സ.ഉ.(സാധാ) നം.7979/2022/GEDN

നടപടിക്രമങ്ങൾ പരാമർശം (3) ഉത്തരവിലെ നിബന്ധനകൾ എന്നിവ പാലിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കണ്ണൂർ ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
G S SAGINA
അണ്ടർ സെക്രട്ടറി

ജില്ലാ കളക്ടർ, കണ്ണൂർ
അക്കൗണ്ടന്റ് ജനറൽ (എ & ഇ) (ആഡിറ്റ്) , തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
ധനകാര്യ വകുപ്പ്
ഐ & പി.ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, പൂജപ്പുര (പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )

ഉത്തരവിൻ പ്രകാരം
Signed by Namitha T
Date: 15-12-2022 10:22:00

സെക്ഷൻ ഓഫീസർ